FRANKLIN TEMPLETON

## നിക്ഷേപകർക്കുള്ള പ്രസിഡന്ററിന്റെ കത്ത്

**വിഷയം:- നമ്മുടെ ഫണ്ടുകളെക്കുറിച്ച് മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച വാർത്തകൾക്കുള്ള വിശദീകരണം**

പ്രിയപ്പെട്ട നിക്ഷേപകരെ,

വിവിധ മാധ്യമങ്ങളിൽ ചില ഉദ്ദേശങ്ങളോട് കൂടിയും വസ്തുതാ വിരുദ്ധവുമായി വന്ന വാർത്തകൾ സൃഷ്ടിച്ച ആശങ്കകളെ അകറ്റുന്നതിനാണ് ഞാൻ നിങ്ങൾക്ക് ഈ കത്തെഴുതുന്നത്. ഓരോ വസ്തുതകളായി ഞാൻ വിശദീകരിക്കാം.

**1: വാർത്ത: ചില പദ്ധതികൾ നിർത്തലാക്കുന്നത് മൂലം പണം നഷ്ടമാകും**
**വസ്തുത:** ഈ വാർത്ത വസ്തുതാപരമായി തെറ്റാണ്. ഈ ദുർഘടമായഘട്ടത്തിൽ ഞങ്ങളുടെ നിക്ഷേപകരുടെ മൂല്യം സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം എടുത്ത തീരുമാനത്തിലേക്ക് നയിച്ച വിപണി സാഹചര്യങ്ങളേയും കാരണങ്ങളേയും കുറിച്ച് ഞങ്ങൾ അറിയിച്ചിരുന്നു. പദ്ധതികൾക്ക് വിപണിയിലെ സാഹചര്യങ്ങൾക്കനുസരിച്ച് വാർഷിക പലിശ ലഭിക്കുകയും അവ കാലാവധി പൂർത്തിയാക്കുകയും ചെയ്യും. 1996-ലെ സെബി (മ്യൂച്ചൽ ഫണ്ട്) റെഗുലേഷൻസിലെ 41(2)(ബി) പ്രകാരം എത്രയും വേഗം പണം തിരികെ നൽകുകയും ചെയ്യും.

**2. വാർത്ത: അപകടസാധ്യതയുള്ളതും റേറ്റിങ് ഇല്ലാത്തതുമായ ബോണ്ടുകളിൽ നിക്ഷേപിച്ചു**

**വസ്തുത:** ക്രഡിറ്റ് റേറ്റിങ് ഏജൻസികൾ എഎഎ മുതൽ എ റേറ്റിങ് വരെ നൽകിയിട്ടുള്ള ബോണ്ടുകളിലും സെക്യൂരിറ്റികളിലും നിക്ഷേപിക്കുകയെന്ന തന്ത്രമാണ് ഈ പദ്ധതികൾ പിന്തുടർന്നിരുന്നത്. അടുത്തകാലം വരെ ഈ തന്ത്രം പദ്ധതികൾക്കും അതിലെ നിക്ഷേപകർക്കും നേട്ടം നൽകിയിരുന്നു. ക്രഡിറ്റ് മാർക്കറ്റിന് കഷ്ടകാലമായിരുന്ന അവസാനത്തെ ആറ് മാസങ്ങളിൽ പോലും ഈ പദ്ധതികൾക്ക് ഗണ്യമായ പണമുണ്ടാക്കാൻ സാധിച്ചിരുന്നു. ഉദാഹരണമായി, ഈ പദ്ധതികൾ എഎ റേറ്റും അതിന് താഴെയുള്ള റേറ്റുകളുള്ള നിക്ഷേപങ്ങളിൽ നിന്നും ഗണ്യമായ നേട്ടം കൈവരിച്ചു.

**3. വാർത്ത: കോവിഡ്-19 മഹാമാരിയുമായി ലികിഡിറ്റി പ്രശ്നത്തിന് ബന്ധമില്ല**

**വസ്തുത:** ഈ പദ്ധതികൾ വ്യത്യസ്ത ക്രഡിറ്റ് റേറ്റിങ്ങുള്ള ഇടങ്ങളിൽ നിക്ഷേപിക്കുന്ന തന്ത്രം വർഷങ്ങളായി വിവിധ വിപണി സാഹചര്യങ്ങളിൽ പിന്തുടർന്നിരുന്നു. ഈ

പദ്ധതികൾക്ക് ഇത്തരം വിപണി സാഹചര്യങ്ങളിലൂടെ കടന്ന് പോകാനും അവയെ ദിവസവും പണമാക്കി മാറ്റാനും സാധിച്ചിരുന്നു. ഇവയിൽ പല പദ്ധതികളും 10 വർഷത്തിലധികമായി സമാന നിക്ഷേപ തന്ത്രം പിന്തുടർന്ന് വിജയകരമായി നിലനിൽക്കുന്നുണ്ട്.

നിലവിലെ കോവിഡ്-19 മഹാമാരി വിപണിയെ ഗുരുതരമായി ബാധിച്ചു. പ്രത്യേകിച്ച്, ഈ പദ്ധതികൾ കൈവശം വച്ചിരുന്ന തരം നിക്ഷേപങ്ങളുടേത്. എങ്കിലും കൂടുതൽ റിസ്ക് എടുക്കാനുള്ള താൽപര്യം ഇല്ലാത്തതും കോർപറേറ്റ് ബോണ്ടുകളുടെ എണ്ണവും ലിക്വിഡിറ്റിയും കുറഞ്ഞതും വിശാലമായ വിപണി പ്രശ്നമാണ്. ലോക്ക്ഡൗൺ നീട്ടിയതും കോവിഡ്-19 മഹാമാരിയും ചേർന്ന് സൃഷ്ടിച്ച വിപണി സാഹചര്യത്തിന്റെ ഫലമായിട്ടാണ് ഈ പദ്ധതികൾക്ക് ദിവസവും റിഡംപ്ഷന് കഴിയാതെ പോയത്.

**4: വാർത്ത: ഈ പദ്ധതികൾക്ക് ദീർഘ കാലത്തേക്ക് നിക്ഷേപകർക്ക് പണം നൽകാൻ കഴിയില്ല**

**വസ്തുത:** ഓരോ പദ്ധതിക്കും അതിന്റെ സ്വന്തം മെച്ചുരിറ്റി കാലമുണ്ട്. പൊതുവിൽ, ഹ്രസ്വകാല പദ്ധതികൾക്ക് നിക്ഷേപകർക്ക് അതിവേഗം പണം തിരിച്ചു നൽകാൻ സാധിക്കും. ഈ പദ്ധതികൾക്ക് പതിവായി വാർഷിക പലിശ ലഭിക്കുകയും കാലാവധി പൂർത്തിയാക്കുകയും ചെയ്യും. കൂടാതെ, നിക്ഷേപങ്ങളിലുള്ള ആസ്തിയെ പണമാക്കി മാറ്റാനുള്ള എല്ലാ അവസരങ്ങളും ഞങ്ങൾ ഉപയോഗിക്കും. എങ്കിലും തിരക്കുപിടിച്ച് വിൽപന നടത്തില്ല. ഏറ്റവും വേഗം നിക്ഷേപകന് പണം തിരിച്ചു നൽകും. ബാധ്യതയായിരിക്കുന്ന നിക്ഷേപങ്ങളുടെ കാലാവധി പൂർത്തിയാകുന്ന തിയതിക്ക് മുമ്പായി ഈ പദ്ധതികളിലെ പണം തിരിച്ചു നൽകുന്നതിനുള്ള കഠിനപ്രയ്തനം നടത്തും.

**5: വാർത്ത: ഫ്രാങ്ക്ളിൻ ടെംപിൾടണിന്റെ മറ്റെല്ലാ പദ്ധതികളും നിർത്തലാക്കാൻ സാധ്യതയുള്ളതിനാൽ നമ്മൾ പണം പിൻവലിക്കണം**

**വസ്തുത:** നേട്ടങ്ങൾ ഉണ്ടാക്കുന്ന ആറ് പദ്ധതികൾ നിർത്തലാക്കാനുള്ള തീരുമാനം അങ്ങേയറ്റം ബുദ്ധിമുട്ടുള്ളതായിരുന്നു. കൂടാതെ, നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു അത് ചെയ്തത്. ഞങ്ങൾ പ്രതീക്ഷിച്ചൊരു സാഹചര്യമല്ലിത്. ഇത് ഞങ്ങളുടെ നിക്ഷേപകരുടെ ലിക്വിഡിറ്റിയേയും ബാധിച്ചതായി ഞങ്ങൾ മനസ്സിലാക്കുന്നു. പക്ഷേ, ഞങ്ങളുടെ യൂണിറ്റുകൾ കൈവശം വയ്ക്കുന്നവരുടെ മൂല്യം സംരക്ഷിക്കുന്നതിന് അത്യാവശ്യമായിരുന്നു ഈ തീരുമാനം.

പ്രാഥമികമായും സർക്കാരിന്റെ സെക്യൂരിറ്റികളിലും എഎഎ റേറ്റുള്ള ബോണ്ടുകളിലും പണത്തിലോ, പണത്തിന് തുല്യമായവയിലും നിക്ഷേപിച്ചിട്ടുള്ള ഞങ്ങളുടെ സ്ഥിര വരുമാന പദ്ധതികൾക്ക് ഇപ്പോഴും സബ്സ്ക്രിപ്ഷനും റിഡംപ്ഷനും ലഭ്യമാണ്. റിഡംപ്ഷൻ നൽകുന്നതിന് പണമാക്കി മാറ്റാനുള്ള കഴിവ് ഈ നിക്ഷേപങ്ങൾക്കുണ്ട്. ഞങ്ങൾക്ക് ലഭിച്ച അപേക്ഷകൾ പ്രകാരം ഈ നിക്ഷേപങ്ങളിൽ നിന്നും ഞങ്ങൾ ഗണ്യമായ തുക പണമാക്കി മാറ്റി ഇപ്പോൾ തന്നെ നൽകിയിട്ടുണ്ട്.

ഞങ്ങളുടെ ഇക്വിറ്റി പദ്ധതികൾ വീണ്ടും തുടരും. ചെന്നൈയിലുള്ള ഞങ്ങളുടെ അനുഭവസമ്പത്തുള്ള ജീവനക്കാർ അവരുടെ നിക്ഷേപ തീരുമാനങ്ങൾക്കും ഫണ്ട്

മാനേജ്മെന്റ് ഫിലോസഫിക്കും അനുസരിച്ച് ഈ പദ്ധതികൾ തുടർന്നും കൈകാര്യം ചെയ്യും.

**6: വാർത്ത: ഇന്ത്യയിലെ പ്രവർത്തനം ഫ്രാങ്ക് ളിൻ ടെംപിൾടൺ അവസാനിപ്പിക്കുന്നു**

**വസ്തുത:** ഇന്ത്യയിൽ ആദ്യകാലം മുതൽക്കേ ക്ഷമയോടെ നിക്ഷേപം നടത്തുന്ന സ്ഥാപനമാണ് ഫ്രാങ്ക്ളിൻ ടെംപിൾടൺ. ഇന്ത്യയിൽ 25 വർഷത്തിലധികമായി ദീർഘകാല ബിസിനസ് കെട്ടിപ്പടുക്കാൻ പ്രവർത്തിക്കുന്ന ചരിത്രം ഞങ്ങൾക്കുണ്ട്. ആഗോള തലത്തിൽ ഞങ്ങൾക്കുള്ള ജീവനക്കാരുടെ 33 ശതമാനം ഇന്ത്യയിലാണെന്ന വസ്തുത അതിനെ അരക്കിട്ടുറപ്പിക്കുന്നു. ഞങ്ങളുടെ ആഗോള സിഇഒ ജെന്നി ജോൺസൺ പറഞ്ഞു പോലെ ഇന്ത്യയോടുള്ള ഫ്രാങ്ക്ളിൻ ടെംപിൾടണിന്റെ പ്രതിജ്ഞാബദ്ധത ദൃഢമായിരിക്കും. ഞങ്ങൾ നിർത്തലാക്കിയ പദ്ധതികളിലെ നിക്ഷേപകർക്ക് എത്രയും വേഗം പണം തിരിച്ചു നൽകാനും ഞങ്ങളുടെ ബ്രാൻഡിൻമേലുള്ള വിശ്വാസം തിരിച്ചുപിടിക്കാനും ഞങ്ങൾ പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ്.

നിലവിലെ കീഴ് വഴക്കങ്ങളില്ലാത്ത സാഹചര്യത്തിൽ ഞങ്ങളുടെ നിക്ഷേപകരുടെ മൂല്യം സംരക്ഷിക്കുന്നതിനുള്ള ഏക പോംവഴിയായിരുന്നു ഞങ്ങളുടെ ആറ് പദ്ധതികൾ നിർത്തലാക്കാനുള്ള അസാധാരണമായ വിഷമമേറിയ തീരുമാനം.

നിർത്തലാക്കിയതോ അല്ലെങ്കിൽ നിലവിൽ സബ്സ്ക്രിപ്ഷനും റിഡംപ്ഷനും ലഭ്യമായിട്ടുള്ള പദ്ധതികളിലോ ഉള്ള നിങ്ങളുടെ നിക്ഷേങ്ങളെ കുറിച്ച് നിങ്ങൾക്ക് ആശ്വാസം ഈ കത്ത് നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ ഏറ്റവും അടിയന്തരവും പ്രധാനപ്പെട്ടതുമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ പതിവായി പുതിയ വിവരങ്ങൾ നൽകാൻ ഞാൻ ബാധ്യസ്ഥനാണ്.

നിങ്ങൾക്ക് കൂടുതൽ സഹായങ്ങൾ ആവശ്യമുണ്ടെങ്കിൽ ഹെൽപ് ലൈൻ നമ്പറായ 1-800-258-4255 അല്ലെങ്കിൽ 1-800-425-4255 എന്നിവയിലേക്ക് തിങ്കൾ മുതൽ ശനി വരെ രാവിലെ എട്ടു മുതൽ വൈകിട്ട് ഒൻപതു വരെ ബന്ധപ്പെടാവുന്നതാണ്. കൂടാതെ service@franklintempleton.com എന്ന വിലാസത്തിലേക്ക് ഇമെയിലിലും അയക്കാം. നിങ്ങളോടു സംസാരിക്കാൻ ഞങ്ങൾക്ക് സന്തോഷമാണ്.

നന്ദി പൂർവ്വം,
**ആത്മാർത്ഥതയോടെ**
**സഞ്ജയ്**
**പ്രസിഡന്റ്**

**ഫ്രാങ്ക്ളിൻ ടെംപിൾടൺ അസെറ്റ് മാനേജ്മെന്റ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്**

---

**ബാധ്യതാ നിരാകരണം**
ഈ ആശയവിനിമയത്തിലുള്ള വിവരങ്ങൾ എല്ലാ വസ്തുകളുടേയും പൂർണമായ പ്രാതിനിധ്യമല്ല. അത് വിവരം അറിയിക്കുന്നതിനുവേണ്ടിയുള്ളത് മാത്രമാണ്. “ആയിരിക്കാം”, “പ്രതീക്ഷിക്കുന്നു”, “ആകുമായിരുന്നു”, “വിശ്വസിക്കുന്നു” എന്നീ വാക്കുകളോ ശൈലികളോ സമാനമായ വാക്കുകളോ

അത്തരം ശൈലികളുടെ വ്യത്യസ്തമായ പ്രയോഗങ്ങളോ ഉൾപ്പെടുന്ന പ്രസ്താവനകൾ/ അഭിപ്രായങ്ങൾ/ ശുപാർശകൾ എന്നിവ "ഭാവിയെ കുറിച്ച് പറയുന്ന പ്രസ്താവനകളാണ്". സേവനങ്ങളെയോ നിക്ഷേപങ്ങളെയോ ഇവ രണ്ടിനെയുമോ ബാധിക്കാവുന്ന ഇന്ത്യയിലെയോ വിദേശ രാജ്യങ്ങളിലെയോ വിപണിയിലെ അപകടങ്ങൾ, പൊതുവിലെ സാമ്പത്തിക- രാഷ്ട്രീയ അവസ്ഥകൾ തുടങ്ങി ഞങ്ങളുടെ പ്രതീക്ഷകളുമായി ബന്ധപ്പെട്ടിരിക്കുന്നതോ എന്നാൽ നിയന്ത്രണത്തിലോ അല്ലാത്ത അനിശ്ചിതാവസ്ഥകളോ അപകട സാധ്യതകളോ കാരണം ഈ പ്രസ്താവനകളുടെ യഥാർത്ഥ ഫലങ്ങൾ ചിലപ്പോൾ മാറിയേക്കാം. ഈ ആശയവിനിമയം നടക്കുന്ന തിയതിക്ക് പിന്നാലെ ചിലപ്പോൾ സുരക്ഷയെ ബാധിക്കുന്ന കാര്യങ്ങളിൽ മാറ്റമുണ്ടായേക്കാം. എഎംസി, ട്രസ്റ്റികൾ, അവരുടെ പങ്കാളികൾ, ഓഫീസർമാർ അല്ലെങ്കിൽ ജീവനക്കാർ അല്ലെങ്കിൽ ഹോൾഡിങ് കമ്പനികൾ ഈ പദ്ധതികളിലെ മൂലധനത്തിനോ നിക്ഷേപത്തിനുമേൽ ഉറപ്പുപറഞ്ഞിട്ടുള്ള വരുമാനത്തിനോ ഉറപ്പ് നൽകുകയോ ഗ്യാരന്റി നിൽക്കുയോ ചെയ്യുന്നില്ല. ദയവായി നിക്ഷേപ തീരുമാനം എടുക്കും മുമ്പ് പദ്ധതിയുടെ രേഖകളിലെ വിവരങ്ങൾ വായിച്ചു നോക്കുക. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റ് http://www.franklintempletonindia.com സന്ദർശിക്കുക.

**മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങൾ വിപണിയിലെ അപകടസാധ്യതകളുമായി ബന്ധപ്പെട്ടിരിക്കുന്നു, പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ശ്രദ്ധാപൂർവം വായിക്കുക.**